ചെറുകഥ

# അവതാരിക

## സാംജീവ്

## 1

ഞാൻ നൂറ് കവിത എഴുതിക്കഴിഞ്ഞു. എന്റെ അഞ്ചു വർഷത്തെ അദ്ധ്വാനമാണ്. എഴുതിക്കഴിഞ്ഞപ്പോൾ എനിക്കുതോന്നി ഞാനൊരു കുമാരനാശാനോ വള്ളത്തോളോ ഉള്ളൂരോ ആണെന്ന്. ലക്ഷണമൊത്ത കവിത. ഞാൻ സ്വയം അഭിനന്ദിച്ചു.

ഇനി ഇത് പ്രസിദ്ധീകരിക്കണം.

പുസ്തകമാക്കണം.

ദേശീയ സാഹിത്യസമിതിയുടെ "കവിമുത്ത്" അവാർഡ് വാങ്ങിക്കണം.

കഴിഞ്ഞകൊല്ലം അവാർഡ് വാങ്ങിച്ച മാങ്കൊമ്പിൽ ചാത്തുണ്ണിയുടെ കവിതകളെക്കാൾ കേമമാണ് എന്റെ കവിതകൾ.

പുസ്തകമാക്കണമെങ്കിൽ കാശ് വേണം. ആയിരം കോപ്പി അച്ചടിക്കണമെങ്കിൽ ഒരു ലക്ഷം രൂപയാകും. അത് എനിക്ക് വലിയ തുകയാണ്.

ഒരു പുസ്തകത്തിന് നൂറ്റമ്പത് രൂപാ വിലയിടാം. മുതലാകും.

പക്ഷേ ആരു വാങ്ങും?

"ആരുവാങ്ങുമിന്നാരു വാങ്ങുമീ

ആരാമത്തിന്റെ രോമാഞ്ചം?"

കുട്ടിക്കാലത്ത് പഠിച്ച ഒരു കവിതാഭാഗം ഓർമ്മയിൽ വന്നു.

"ആരും വാങ്ങുകയില്ല."

മനസ്സ് മന്ത്രിച്ചു. മനസ്സ് എപ്പോഴും അങ്ങനെയാണ്. 'നെഗറ്റിവ്' ചിന്തകൾ തന്നുകൊണ്ടേയിരിക്കും.

പക്ഷേ കവിത പുസ്തകമാക്കാതെ സാഹിത്യലോകം എന്നെ അംഗീകരിക്കുകയില്ല.

നഷ്ടം സഹിച്ചാലും സാഹിത്യലോകത്തിൽ അംഗീകാരം നേടണം.

ഏതായാലും എന്റെ കവിതകൾ പുസ്തകമാക്കുക തന്നെ.

പുസ്തകത്തിന് ഒരു അവതാരിക വേണമല്ലോ. പ്രൌഢമായ ഒരു അവതാരിക ഗ്രന്ഥത്തിന്റെ മാറ്റുകൂട്ടും.

അവതാരിക ആരെഴുതും?

പേരെടുത്ത ഒരാൾ വേണം അവതാരിക എഴുതേണ്ടത്.

നാടുഭരിക്കുന്ന മുഖ്യമന്ത്രിയെ തന്നെ സമീപിക്കാം. വളരെ ജനകീയനാണ് മുഖ്യമന്ത്രി. അദ്ദേഹത്തെ കാണുക അത്ര പ്രയാസമുള്ള കാര്യമല്ല. എന്നാൽ നേരത്തെ അനുവാദം വാങ്ങണം.

കവിതാസമാഹാരം നല്ല മേനിക്കടലാസിൽ അക്ഷരത്തെറ്റ് കൂടാതെ എഴുതി.

വള്ളിപുള്ളിവിസർഗ്ഗം പത്തു തവണ പരിശോധിച്ചു. നൂലിട്ട് കുത്തിക്കെട്ടി. ചുവന്ന രണ്ട് താളുകൾ മുമ്പിലും പിന്നിലും ഒട്ടിച്ചുവച്ചു.

മുഖ്യമന്ത്രിയുടെ ഔദ്യോഗികവസതിയാണ് ക്ലിഫ്ഹൌസ്.

റയിൽവേസ്റ്റേഷനിൽ നിന്നും ആട്ടോറിക്ഷാ പിടിച്ചു. ക്ലിഫ്ഹൌസ് ആട്ടോറിക്ഷാക്കാരന് അറിയാം. നൂറ് രൂപാ കൂലി നല്കി.

ക്ലിഫ്ഹൌസിന്റെ ഗേറ്റിൽ പാറാവുകാരനുണ്ട്, തോക്കു ധരിച്ച പാറാവുകാരൻ. എനിക്കുതന്നെ എന്റെ ചങ്കിടിപ്പ് കേൾക്കാം.

കൊമ്പൻമീശ വച്ച പോലീസുകാരൻ ചോദിച്ചു.

“എന്താ?”

“മുഖ്യമന്ത്രിയെ കാണാൻ വന്നതാണ്.”

“അനുവാദം വാങ്ങിയിട്ടുണ്ടോ?”

ചുവന്ന കാർഡ് വിറയ്ക്കുന്ന കൈകളിലെടുത്തു.

പാറാവുകാരൻ ഉത്തരവിട്ടു.

“ചെല്ല്.”

മുഖ്യമന്ത്രി സന്ദർശകരെ സ്വീകരിക്കുന്ന സമയമെത്തി.

ഒരു ശിപായി വന്ന് പേരുവിളിച്ച് മുഖ്യമന്ത്രിയുടെ മുറിയിലേയ്ക്ക് കൊണ്ടുപോയി.

പ്രസന്നവദനനായ മനുഷ്യൻ.

ഗംഭീരഭാവം.

തുളച്ചുകയറുന്ന കണ്ണുകൾ.

എന്റെ കാൽ വിറയ്ക്കുന്നുവോ? നാവ് കുഴയുന്നുവോ?

മുഖ്യമന്ത്രി ഇരിക്കുവാൻ പറഞ്ഞു. ഞാൻ ഇരുന്നു.

“എന്താ വന്നത്?”

മുഖ്യമന്ത്രി ചോദിച്ചു.

“ഞാൻ കവിത എഴുതുന്ന ആളാണ്.”

“കവിയാണോ? എന്താ പേര്?”

“വിലങ്ങറ കൊച്ചുണ്ണൂണ്ണി.”

“അങ്ങനെ ഒരു കവിയെ കേട്ടിട്ടില്ലല്ലോ., ആകട്ടെ, എന്താ വന്നതെന്ന് പറയൂ.”

ഞാൻ എന്റെ ‘പറക്കമുറ്റാത്ത പക്ഷികൾ’ എന്ന കവിതാസമാഹാരം മേശപ്പുറത്ത് വച്ചു.

അദ്ദേഹത്തിന്റെ നോട്ടം എന്റെ മുഖത്താണ്.

“അങ്ങ് ഒരു അവതാരിക എഴുതിത്തരണം. എന്റെ ആദ്യത്തെ കൃതിയാണ്.”

ഞാൻ എന്റെ ആവശ്യം പറഞ്ഞൊപ്പിച്ചു.

“അവതാരികയോ? ഞാനോ?”

അദ്ദേഹം മേശപ്പുറത്തുവച്ച എന്റെ കവിതാസമാഹാരത്തിലേക്ക് നോക്കി. അതു കൈയിലെടുത്തു. ചില നിമിഷങ്ങൾകൊണ്ട് അതിന്റെ താളുകളെല്ലാം മറിച്ചു.

ഒരു ചെറിയ പുഞ്ചിരിയോടെ മുഖ്യമന്ത്രി പറഞ്ഞു.

“ഞാൻ സാഹിത്യകാരനൊന്നുമല്ലല്ലോ കവിതയ്ക്ക് അവതാരിക എഴുതാൻ. ഏതെങ്കിലും സാഹിത്യകാരന്മാരെ നോക്കൂ. നിങ്ങളുടെ ശ്രമത്തിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.”

അദ്ദേഹം എന്റെ കവിതാസമാഹാരം തിരിച്ചുനല്കി, പോകാൻ എഴുനേറ്റു, എന്നെ നോക്കി പറഞ്ഞു.

“എന്നാൽ അങ്ങനെയാകട്ടെ.”

മുഖ്യമന്ത്രിയുടെ സമയം വിലപ്പെട്ടതാണ്.

ശിപായി പെട്ടെന്ന് മുറിയിലേയ്ക്കു വന്നു. കതകു തുറന്നുതന്നു.

ഞാൻ പുറത്തുവന്നു. തമ്പാന്നൂർ റയിൽവേ സ്റ്റേഷനിലേയ്ക്ക് ആഞ്ഞുനടന്നു.

എന്റെ ഒരു പഴയ സഹപാഠിയാണ് നെല്ലിക്കുന്നത്ത് പത്രോസ്. മുഖ്യമന്ത്രിയുടെ പാർട്ടിക്കാരനാണ് അയാൾ. അയാൾ പറഞ്ഞു.

“മുഖ്യമന്ത്രിയെ കാണണമെങ്കിൽ പാർട്ടി വഴി പോകണം.”

അയാൾ കൂട്ടിച്ചേർത്തു.

“എന്നാലേ കാര്യം നടക്കൂ.”

പാർട്ടി വഴി പോകാനുള്ള ‘പാങ്ങ്’ എനിക്കില്ല.

## 2

ബിഷപ്പ് തിരുമേനിയുടെ അരമനയിലേയ്ക്ക് ചെന്നു. രാജകൊട്ടാരം പോലെയാണത്. അവിടെയും പാറാവുണ്ട് ഗേറ്റിൽ. പോലീസുകാരല്ല. പ്രൈവറ്റ് സെക്യൂരിറ്റിയാണ്. അല്പം സങ്കോചത്തോടെ പാറാവുകാരനെ സമീപിച്ചു.

“തിരുമനസ്സിനെ ഒന്നു കാണാനാണ്.”

“എന്താ കാര്യം?”

“എന്റെ കവിതയ്ക്ക് അവതാരിക എഴുതാനാണ്.”

“ഓ, കവിയാണോ?”

“അത്രയൊന്നും ആയിട്ടില്ല.”

“ആ, ചെന്നു നോക്ക്.”

അയാൾ വഴി കാണിച്ചുതന്നു.

“ദാ അവിടെ ആ മുറിയിൽ ചെന്നിരിക്ക്. അച്ചന്മാര് ആരെങ്കിലും വരാതിരിക്കില്ല.”

സ്വീകരണമുറി കണ്ടപ്പോൾതന്നെ അത്ഭുതമായി. മുഖ്യമന്ത്രിയുടെ മുറിയെക്കാൾ കേമം. വിലകൂടിയ പരവതാനികൾ നിലത്ത് വിരിച്ചിരിക്കുന്നു.

ചവിട്ടാമോ?

പേടിച്ചുപേടിച്ച് ഒരു സോഫായുടെ ഒരറ്റത്ത് ഇരുന്നു. അവിടെ പരിചയമുള്ള ഒരു അച്ചൻ ഇരിക്കുന്നു.

മുട്ടറയച്ചൻ. വന്ദ്യവയോധികനായ മുട്ടറയച്ചൻ. അദ്ദേഹവും ഏതോ കാര്യത്തിന് മെത്രാച്ചനെ കാണാൻ വന്നതാണ്. എന്നെ പരിചയമുണ്ട്. എന്റെ പിതാമഹന്റെ സുഹൃത്തായിരുന്നു.

മുട്ടറയച്ചൻ ചോദിച്ചു.

“നീ എന്തിനിവിടെ വന്നു?”

“തിരുമേനിയെ ഒന്നു കാണാൻ.”

“എന്തിന്? നീ സഭ മാറാൻ തീരുമാനിച്ചോ?”

“അതൊന്നുമല്ല, എന്റെ കവിതാപുസ്തകത്തിന് ഒരു അവതാരിക എഴുതി വാങ്ങാൻ.”

“അതിന് നീ കവിയാണോ?”

“വല്ലതുമൊക്കെ എഴുതും.”

“സമുദായത്തിലുള്ളവർക്കേ തിരുമേനി എഴുതിക്കൊടുക്കൂ.”

മുട്ടറയച്ചൻ കാര്യങ്ങൾ വെട്ടിത്തുറന്നു പറയുന്ന ആളാണ്. അദ്ദേഹം തുടർന്നു.

“ഞാൻ നിന്റെ വല്യപ്പനോട് പറഞ്ഞതാ കീവർച്ചനും കുടുംബവും വഴിവിട്ട് പോകുന്നുവെന്ന്. ഇപ്പം കണ്ടോ?”

കീവർച്ചൻ എന്റെ അപ്പനാണ്. അദ്ദേഹം സമുദായം വിട്ടുപോയതിലുള്ള അമർഷം ഇപ്പോഴുമുണ്ട് മുട്ടറയച്ചന്.

“തിരുമേനിയെ കണ്ടിട്ടു കാര്യമില്ല. സമുദായത്തിലുള്ളവർക്കു മാത്രമേ തിരുമേനി സഹായം ചെയ്യൂ.”

“സഹായമൊന്നും വേണ്ട, ഒരു അവതാരിക എഴുതി തന്നാൽ മതി.”

ഞാൻ വിശദീകരിച്ചു.

“എന്റെ കുഞ്ഞേ നീ ചെറുപ്പമാണ്. നിനക്കറിഞ്ഞുകൂടാ. നില്ക്കുന്ന സമുദായമാണ് വലുത്. അതാണ് ബലം. നിങ്ങൾ തിരിച്ചിങ്ങു വാ മക്കളെ. നിനക്ക് എത്ര അവതാരിക വേണേലും പിതാവ് എഴുതിതിതരും.

“കവിത ആയാലും നോവൽ ആയാലും ഒരു പ്രബലസമുദായത്തിന്റെ പിന്തുണ വേണം, എന്നാലേ അംഗീകരിക്കപ്പെടൂ.”

മുട്ടറയച്ചൻ തന്റെ പ്രതികരണം തുടർന്നു.

“നിങ്ങളുടെ സമുദായത്തിൽ ഒരു മഹാപണ്ഡിതനുണ്ടായിരുന്നല്ലോ. ശിമ്യോൻ സാറ്. കവിയായിരുന്നു, പ്രസംഗകനായിരുന്നു, താർക്കികനായിരുന്നു.

എന്നാൽ അംഗീകരിക്കപ്പെട്ടോ? ഇല്ല.

സാഹിത്യനായകന്മാരുടെ ലിസ്റ്റ് നോക്കൂ.

എഴുത്തച്ഛൻ മുതലുള്ളവരുടെ പേരുകൾ ഇന്നാളൊരുദിവസം പത്രത്തിൽ വന്നത് വായിച്ചു. ഏതോ കവിയരങ്ങിന്റെ സപ്ലിമെന്റ് പ്രസിദ്ധീകരിച്ചതാ.

അതിൽ റേഷൻ കടക്കാരനും റബ്ബർ കച്ചവടക്കാരനുമുണ്ട്.

സർക്കാർ ഗുമസ്ഥനുണ്ട്, പത്രം വില്പനക്കാരനുണ്ട്, മീൻ വില്പനക്കാരനുണ്ട്, കാളേജ് അദ്ധ്യാപകനുണ്ട്.

എന്നാൽ ശിമ്യോൻ സാറില്ല.

എന്താ കാരണം? സാഹിത്യരംഗത്തെ അതുല്യപ്രതിഭ ആയിരുന്നില്ലേ അദ്ദേഹം?

എന്നാൽ അദ്ദേഹത്തെ കൊണ്ടുനടക്കാൻ ഒരു സമുദായമില്ലായിരുന്നു. കൊട്ടിഘോഷിക്കാൻ ഒരു പത്രമില്ലായിരുന്നു.

ചുവരുണ്ടെങ്കിലേ ചിത്രമെഴുതാൻ പറ്റൂ.

നിങ്ങള് പുത്തൻകൂറ്റുകാര് പറയുന്നതൊക്കെ ശരിയാ. അല്ലെന്നാരെങ്കിലും പറഞ്ഞോ?

പക്ഷേ നമ്മൾ പ്രായോഗികബുദ്ധിയുള്ളവരാകണ്ടേ?

ഇപ്പം നോക്ക്. നിനക്കീ ആവശ്യം വന്നില്ലേ? നിനക്കൊരു ഇടവകയുണ്ടെങ്കിലേ പിതാവ് റക്കമന്റ് ചെയ്യൂ. അതുകൊണ്ട് "ഘർ വാപ്പസി. തിരിച്ചു വാ മക്കളേ."

സംഭാഷണത്തിനിടയിൽ ബിഷപ്പിന്റെ സെക്രട്ടറിയച്ചൻ വന്നു.

"എന്താ കാര്യം?"

അദ്ദേഹം ചോദിച്ചു. ഞാൻ ആഗമനോദ്ദേശ്യം പറഞ്ഞു.

"ഇടവക ഏതാണ്?"

ഞാൻ പരുങ്ങി.

മുട്ടറയച്ചൻ വീണ്ടും ഇടപെട്ടു.

"എന്റച്ചോ, ഇവന്റെ വല്യപ്പൻ എന്റെ സ്നേഹിതനായിരുന്നു. തെക്കേവീട്ടിൽ ചാണ്ടിസാർ. പൂയപ്പള്ളി ഇടവകക്കാരനായിരുന്നു. മരിക്കുന്നതുവരെ സഭയോട് കൂറ് കാണിച്ചു. പക്ഷേ ഇവന്റപ്പൻ ഒരിത് കാണിച്ചു. പുത്തൻകൂറ്റുകാരുടെ കൂടെ പോയി. അവരുടെ ആട്ടത്തിലും പാട്ടിലും മയങ്ങിപ്പോയി. അത്രേയുള്ളു.

മടങ്ങിവരാൻ ഞാൻ പറഞ്ഞു.

ഇവൻ കവിയോ കഥയെഴുത്തുകാരനോ മറ്റോ ആണുപോലും. പിതാവിനെക്കൊണ്ട് ഒരു ശിപാർശ ചെയ്യിക്കാമെങ്കിൽ ചെയ്തുകൊടുക്ക്."

മുട്ടറയച്ചൻ നല്ലവനാണ്.

"ശിപാർശയൊന്നുമല്ല. എന്റെ പുസ്തകത്തിന് ഒരു അവതാരിക എഴുതിത്തരണം. അത്രേയുള്ളു."

ഞാൻ പറഞ്ഞു.

"കുഞ്ഞേ, അതുതന്നെ ഞാൻ പറഞ്ഞത്."

മുട്ടറയച്ചൻ.

"നോക്കട്ടെ."

സെക്രട്ടറിയച്ചൻ പറഞ്ഞു..

ഞാൻ എന്റെ അമൂല്യമായ  സാഹിത്യസൃഷ്ടി അദ്ദേഹത്തെ ഏല്പിച്ചു, ഒരു പിഞ്ചുകുഞ്ഞിനെ കൈമാറുന്നതുപോലെ. വർഷങ്ങളുടെ അദ്ധ്വാനമാണ്.
സെക്രട്ടറിയച്ചൻ അകത്തേയ്ക്കു പോയി. അല്പം കഴിഞ്ഞ് അദ്ദേഹം തിരിച്ചുവന്നു.

“പിതാവ് അല്പം തിരക്കിലാണ്. മറ്റൊരു ദിവസമാകട്ടെ എന്നു പറഞ്ഞു.”

എന്റെ ‘പറക്കമുറ്റാത്ത പക്ഷികൾ’ അദ്ദേഹം തിരിച്ചുതന്നു.

“കുഞ്ഞേ, അവര് എഴുതി തരത്തില്ല. നീ വേറെ പണി നോക്ക്. ഞാനിത് എത്ര കണ്ടതാ.”

മുട്ടറയച്ചൻ അടക്കം പറയുന്ന മട്ടിൽ എന്നോട് പറഞ്ഞു.

അച്ചനോട് യാത്രപോലും പറയാതെ ഞാനിറങ്ങി നടന്നു.

# 3

സാഹിത്യനായകനാണ് ഇ.വി.സുന്ദരരാജൻ. നാട്ടുകാർ ഈവിയെസ്സ് (E.V.S.) എന്ന് വിളിക്കും. സർക്കാരിൽ നിന്നും സാഹിത്യകേസരി അവാർഡ് ലഭിച്ച മഹാനാണ് ഈവിയെസ്സ്.

നാലു വിരൽ ചന്ദനക്കുറി. ഡബിൾ മുണ്ടും ജുബ്ബയും ആണ് വേഷം.

“എന്താ വന്നത്? ഇരുന്നാട്ടെ.”

സാഹിത്യനായകൻ ക്ഷണിച്ചു.

“അല്പം കവിതയെഴുതുന്ന ശീലമുണ്ട്. ഒന്നു പ്രസിദ്ധീകരിച്ചാൽ കൊള്ളാമെന്നുണ്ട്. സാർ ഒരു അവതാരിക എഴുതിത്തരണം.”

ഞാൻ പറഞ്ഞു.

ഞാൻ എന്റെ ‘പറക്ക മുറ്റാത്ത പക്ഷികൾ’ എന്ന കവിതാസമാഹാരം ആദരപൂർവം സാഹിത്യകേസരിക്ക് കൈമാറി.

“ആകട്ടെ, കവിത വായിച്ചുനോക്കട്ടെ.”

കവിത വായിക്കുന്നതിനിടയിൽ അദ്ദേഹം ചോദിച്ചു.

“പേരെന്താണ്?”

“വിലങ്ങറ കൊച്ചുണ്ണൂണ്ണി.”

വായിക്കുന്നതിനിടയിൽ സാഹിത്യകേസരിയുടെ നെറ്റി ചുളിഞ്ഞു. അദ്ദേഹം പറഞ്ഞു.

“ഇതിന് സാഹിത്യഗുണം പോരാ. ചിലതൊക്കെ നല്ല ഇതിവൃത്തമുള്ള രചനകളാണ്. പക്ഷേ കവിത്വം എന്നൊന്നുണ്ടല്ലോ, അത് കമ്മിയാണ്.

ആകട്ടെ ഇതു വല്ലതും പ്രസിദ്ധീകരിച്ചിട്ടുണ്ടോ, വല്ല ആനുകാലികങ്ങളിലും?”

“ഇല്ല.”

ഞാൻ ഉത്തരം പറഞ്ഞു.

“അടുത്തയാഴ്ചയിൽ കവിതാവിചാരധാരയുടെ ഒരു മീറ്റിങ്ങുണ്ട്. നിങ്ങൾ വന്നാൽ ചുനക്കുളം രവിയുടെ കവിത കേൾക്കാം അങ്ങനെ വേണം കവിത എഴുതാൻ.”

“ചുനക്കുളം രവിയോ?”

“നിങ്ങൾ കേട്ടിട്ടില്ലേ?”

“ഇല്ല.”

ഞാൻ എന്റെ അറിവില്ലായ്മ സമ്മതിച്ചു.

“ഞാൻ ഓ.എൻ.വിയുടെ കവിത വായിച്ചിട്ടുണ്ട്. വൈലോപ്പിള്ളിയുടെയും സുഗതകുമാരിയുടെയും കവിതകളും വായിച്ചിട്ടുണ്ട്.”

ഞാൻ പറഞ്ഞു.

“നിങ്ങൾക്ക് കവിതകളെക്കുറിച്ചുള്ള സങ്കല്പം മാറേണ്ടിയിരിക്കുന്നു. ചുനക്കുളം രവി അത്യന്താധുനികനാണ്. കാലത്തിനൊത്ത കവിത എഴുതുന്നവനാണ്. നിങ്ങളുടെ കവിതകളുടെ അലകും പിടിയും മാറേണ്ടിയിരിക്കുന്നു.”

സാഹിത്യകേസരി എന്റെ കവിതകളെ വിലയിരുത്തിക്കഴിഞ്ഞു.

ഇനി അവിടെ നിന്നിട്ട് കാര്യമില്ലെന്ന് എനിക്കു തോന്നി.

“എന്നാൽ ഞാൻ ഇറങ്ങട്ടെ.”

ഞാൻ കൈകൂപ്പി പറഞ്ഞു.

“അങ്ങനെയാവട്ടെ, നമസ്ക്കാരം.”

സാഹിത്യകേസരിയുടെ യാത്രാനുമതിയോടെ ഞാൻ ഇറങ്ങി നടന്നു. എന്റെ ‘പറക്കമുറ്റാത്ത പക്ഷികൾ’ തിരികെ വാങ്ങാൻ ഞാൻ കൂട്ടാക്കിയതുമില്ല.

## 4

ഞാൻ കവിതയെഴുത്ത് നിറുത്തി. അത് എനിക്ക് പറ്റിയ പണിയല്ലെന്ന് ഞാൻ മനസ്സിലാക്കി.

“കവിതയെഴുത്തെന്ന് പറഞ്ഞ് ജീവിതം പാഴാക്കരുത്.”

എന്റെ വേണ്ടപ്പെട്ടവർ എന്നെ ഉപദേശിച്ചു.

ഞാൻ എന്റെ കുടുംബത്തൊഴിലിലേക്ക് തിരിഞ്ഞു; കൃഷിയും പശുപരിപാലനവും.

“കഞ്ഞികുടിച്ച് കിടക്കണ്ടേ?”

ചോദിച്ചവരോടൊക്കെ ഞാൻ തിരിച്ചു ചോദിച്ചു.

കേരളത്തിൽ വേനലും വർഷവും മാറിമാറിവന്നു. പെരിയാറും ഭാരതപ്പുഴയും നിറഞ്ഞൊഴുകി പലതവണ.

സാഹിത്യലോകം കാത്തിരുന്ന ആ ദിവസം വന്നു. ദേശീയ സാഹിത്യസമിതി ഈ വർഷത്തെ വിശിഷ്ടകൃതികൾക്കുള്ള പുരസ്ക്കാരങ്ങൾ പ്രഖ്യാപിക്കുകയാണ് ഇന്ന്. ആകാശവാണിയിലൂടെ ആ വാർത്ത ഒഴുകിവന്നു.

“ഈ വർഷത്തെ കവിമുത്ത് പുരസ്ക്കാരം വിലങ്ങറ കൊച്ചുണ്ണൂണ്ണിയുടെ പറക്കമുറ്റാത്ത പക്ഷികൾ എന്ന കവിതാസമാഹാരത്തിനാണ്. മലയാളകവിതയെ പുതിയ സർഗ്ഗാത്മകതലത്തിലേക്ക് കൈപിടിച്ച് നയിക്കുന്നതാണ് പ്രസ്തുത സാഹിത്യസൃഷ്ടി എന്ന് പ്രശസ്ത സാഹിത്യകാരന്മാർ വിലയിരുത്തി.”

ഞാൻ ഞെട്ടി. ഞാൻ സ്വയം ചോദിച്ചു.

“ഇത് എങ്ങനെ സംഭവിച്ചു?”

ഉത്തരമില്ലാത്ത ഒരു സമസ്യ ആയിരുന്നു എനിക്കത്.

നാടായനാടെങ്ങും കവിയരങ്ങുകളിലും പണ്ഡിതസദസ്സുകളിലും ‘പറക്കമുറ്റാത്ത പക്ഷി’ സംഭാഷണവിഷയമായി.

കിട്ടന്റെ ചായക്കടയിലും മണികണ്ഠൻ ആൽത്തറയിലെ പെൻഷൻകാരുടെ സദസ്സിലും കവിമുത്ത് പുരസ്ക്കാരം സംഭാഷണവിഷയമായി.

കേട്ടവർ കേട്ടവർ ചോദിച്ചു.

“ആരാണ് വിലങ്ങറ കൊച്ചുണ്ണൂണ്ണി?”

“അങ്ങനെ ഒരു കവിയെ കേട്ടിട്ടില്ലല്ലോ.”

“വല്ല രാഷ്ട്രീയക്കാരനും ആയിരിക്കും. പിടിപാടുള്ളവർക്കേ ഇപ്പോൾ അവാർഡൊക്കെ ലഭിക്കുകയുള്ളു.”

“ഈ വിലങ്ങറ കൊച്ചുണ്ണൂണ്ണി നാട് ഭരിക്കുന്ന പാർട്ടിയുടെ ആളാ.”

ഒരാൾ പറഞ്ഞു.

“ഞാനും അത് കേട്ടു. ഇയാൾക്ക് മുഖ്യമന്ത്രിയുടെ അടുത്തുവരെ പിടിപാടുണ്ടെന്നാ കേട്ടത്. ഈ അടുത്ത കാലത്തും അയാൾ മുഖ്യമന്ത്രിയെ സന്ദർശിച്ചിരുന്നെന്നാ കേട്ടത്.”

“പാർട്ടി വഴി കേട്ടതാണെങ്കിൽ അത് സത്യമായിരിക്കാം. ഞാൻ കേട്ടത് മറ്റൊന്നാണ്.”

“എന്താണത്?”

“ഇയാൾ സഭയുടെയും ബിഷപ്പിന്റെയും ആളാണെന്ന്. ഇയാളെ മുട്ടറ അച്ചന്റെകൂടെ ബിഷപ്പിന്റെ അരമനയിൽ കണ്ടവരുണ്ട്.”

“അത് ശരിയാകാൻ വഴിയുണ്ട്. ഭരിക്കുന്ന പാർട്ടിക്ക് സമുദായത്തെ കൈയിലെടുക്കണമെങ്കിൽ ഇങ്ങനെ ചിലതൊക്ക ചെയ്തേ പറ്റൂ. സഭയെന്നു പറഞ്ഞാൽ വോട്ടാ.”

“വോട്ടല്ല, വോട്ടുബാങ്ക്.”

മറ്റൊരാൾ തിരുത്തി.

“അത് ശരിയാകാൻ വഴിയില്ലല്ലോ. ഈ വിലങ്ങറ കൊച്ചുണ്ണൂണ്ണിയുടെ ആൾക്കാർ പുത്തൻകൂറ്റുകാരാണല്ലോ.”

“ഏത് കൂറ്റായാലും കാര്യത്തോട് അടുക്കുമ്പോൾ എല്ലാം ഒരു കൂറ്റ് തന്നെ.”

“ഞാൻ കേട്ടത് മറ്റൊന്നാ. ഇയാള് സാഹിത്യകാരൻ ഈവിയെസ്സിന്റെ (E.V.S) വലങ്കയ്യാ.”

“എല്ലാം കൂടി ഒത്തുകളിച്ചെന്ന് കൂട്ടിക്കോ.”

“ഏതായാലും ‘കവിമുത്ത്’ കിട്ടണമെങ്കിൽ നല്ല പിടിപാട് വേണം.”

അക്കാര്യത്തിൽ ആർക്കും സംശയമില്ലായിരുന്നു.

ഇന്നത്തെ ‘കേരളമാതാ’ ദിനപ്പത്രത്തിൽ ഒരു വാർത്ത വന്നു.

‘ഒരു പുരസ്ക്കാരത്തിന്റെ പിന്നാമ്പുറങ്ങൾ’ എന്നായിരുന്നു വാർത്തയുടെ തലക്കെട്ട്.

“വിലങ്ങറ കൊച്ചുണ്ണൂണ്ണി ഉപേക്ഷിച്ചുപോയ ‘പറക്കമുറ്റാത്ത പറവകൾ’ എന്ന കവിതാസമാഹാരം സാഹിത്യനായകൻ ഈവിയെസ്സ് എടുത്ത് കുപ്പത്തൊട്ടിയിലിട്ടു. മുറി വൃത്തിയാക്കാൻ ചെന്ന പരിചാരകൻ അതു കണ്ടെത്തി. നല്ല മേനിക്കടലാസിൽ എഴുതി ആകർഷകമായി കുത്തിക്കെട്ടിയ പ്രസ്തുത കൃതി അയാൾ കുപ്പത്തൊട്ടിയിൽ നിന്നുമെടുത്തു. ഈവിയെസ്സിന് കൈയബദ്ധം

പറ്റിയതായിരിക്കുമെന്ന് അയാൾ കരുതി.  അയാൾ അതെടുത്ത് ഷെൽഫിൽ മറ്റ് പുസ്തകങ്ങളുടെ കൂട്ടത്തിൽ അടുക്കിവച്ചു.

നാളുകൾക്കുശേഷം കവിമുത്ത് പുരസ്ക്കാരത്തിന് ഈവിയെസ്സ് സ്വന്തം കൃതി അയച്ചുകൊടുക്കാൻ തീരുമാനിച്ചു. യഥാർത്ഥ കൈയബദ്ധം പറ്റിയത് അപ്പോഴായിരുന്നു. ഈവിയെസ്സ് ദേശീയ സാഹിത്യസമിതിക്ക് അയച്ചുകൊടുത്തത് സ്വന്തം കൃതിക്കു പകരം വിലങ്ങറ കൊച്ചുണ്ണൂണ്ണിയുടെ 'പറക്കമുറ്റാത്ത പക്ഷികൾ' ആയിരുന്നു. കൃതികൾ മാറിപ്പോയി. അത്രമാത്രം."

'കേരളമാതാ' ലേഖകൻ ഈവിയെസ്സിന്റെ ഭൃത്യനിൽനിന്നും ചോർത്തിയെടുത്ത വിവരങ്ങളാണ് വാർത്തയിലുള്ളത് എന്ന് അവകാശപ്പെട്ടു.

"സ്ത്രീണാം ച ചിത്തം

പുരുഷസ്യഭാഗ്യം"

മണികണ്ഠനാൽത്തറയിലെ പണ്ഡിതസദസ്സിലിരുന്ന് കുറുപ്പുസാർ എന്ന പെൻഷൻ പറ്റിയ അദ്ധ്യാപകൻ ആ പഴയ സംസ്കൃതശ്ലോകം ചൊല്ലി. സ്ത്രീയുടെ മനസ്സും പുരുഷന്റെ ഭാഗ്യവും പ്രവചനാതീതമാണുപോലും.